പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1495

10-02-2020-ലെ മറുപടിയ്ക്ക്

## പ്രളയത്തിലും മഴക്കെടുതികളിലും കാർഷിക രംഗത്തുണ്ടായ നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ. അഹമ്മദ് കബീർ<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | 2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും മഴക്കെടുതികളിലും കാർഷിക രംഗത്തുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | **(എ)** | ആകെ 1780.9132 കോടി രൂപയുടെ നഷ്ടം കാർഷിക രംഗത്തുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| **(ബി)** | കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | **(ബി)** | പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭത്തിനു വേണ്ടിയുള്ള കണ്ടിജൻസി ഫണ്ട് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൃഷിയിടങ്ങളിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനും എസ്.ഡി.ആർ. ഫണ്ടിൽനിന്നും ധനസഹായം നൽകി വരുന്നുണ്ട്. ഇവയ്ക്കു പുറമെ പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും അംഗങ്ങളായ കർഷകർക്ക് ധനസഹായം നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### സംസ്ഥാന പദ്ധതികൾ

| ക്രമ നം. | പദ്ധതി/ഫണ്ട് | 2017-18 ൽ നൽകിയ തുക | 2018-19 ൽ നൽകിയ തുക | 2019-20 ൽ നൽകിയ തുക |
|---|---|---|---|---|
| 1) | വിള ഇൻഷ്വറൻസ് പദ്ധതി | 232.60585 ലക്ഷം | 51 കോടി | 5560 ലക്ഷം |
| 2) | പ്രകൃതിക്ഷോഭം പദ്ധതിയിലുള്ള കണ്ടിജൻസി ഫണ്ട് | 992.82632 ലക്ഷം | 164.51 കോടി | 471.21576 ലക്ഷം |
| 3) | എസ്.ഡി.ആർ. ഫണ്ട് | 921.09428 ലക്ഷം | 115.98 കോടി | 106.14984 ലക്ഷം |

സെക്ഷൻ ഓഫീസർ